"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വിലങ്ങാട് ഉരുൾപ്പൊട്ടലിൽ കൃഷിഭൂമി നഷ്ടപ്പെട്ടവർ ക്കും, മൃഗസംരക്ഷണ മേഖലയിലെ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.869/2024/DMD    തീയതി,തിരുവനന്തപുരം, 27-11-2024

---

പരാമർശം:- കോഴിക്കോട് ജില്ലാ കളക്ടറുടെ 06-11-2024 ലെ DCKKD/9387/2024-F4 കത്ത്

**<u>ഉത്തരവ്</u>**

വിലങ്ങാട് ഉരുൾപ്പൊട്ടലിൽ കൃഷിഭൂമി നഷ്ടപ്പെട്ട വാണിമേൽ കൃഷിഭവൻ പരിധിയിലെ 85 കർഷകരുടെ നഷ്ടപരിഹാര തുകയായ 9,99,550/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം), നരിപ്പറ്റ കൃഷിഭവൻ പരിധിയിലെ 12 കർഷകരുടെ നഷ്ടപരിഹാര തുകയായ 1,25,400/-(ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി നാനൂറ് രൂപ മാത്രം) എന്നിവ ഉൾപ്പെടെ ആകെ 11,24,950/- രൂപ അനുവദിക്കണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോഴിക്കോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, വിലങ്ങാട് ഉരുൾപ്പൊട്ടലിൽ മൃഗസംരക്ഷണ മേഖലയിൽ 9 കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം ആകെ 47,000/-രൂപ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും പരമാർശം(1) പ്രകാരം കോഴിക്കോട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഭൂമി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ടിരിക്കുന്ന തുകയായ 11,24,950/- രൂപ (പതിനൊന്ന് ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) 2245-02-115-99 F-Assistance to farmers to clear salt and silt എന്ന ശീർഷകത്തിൽ നിന്നും, മൃഗസംരക്ഷണ മേഖലയിലെ നാശനഷ്ടത്തിന് അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ആവശ്യപ്പെട്ടിരിക്കുന്ന 47,000/-രൂപ (നാല്പത്തി ഏഴായിരം രൂപ മാത്രം) 2245-02-105-99-F--veterinary care എന്ന ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 27-11-2024 14:14:23**
സെക്ഷൻ ഓഫീസർ